വിദേശ മലയാളികളെപ്പറ്റി സർവ്വേ

8 (*308)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമലയാളികളെപ്പറ്റി എന്തെങ്കിലും സർവ്വേ നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഇവരെ സംബന്ധിക്കുന്ന എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്;

(സി) ഇതിനായി വിദേശ മലയാളി സംഘടനകളുടെ സഹായസഹകരണങ്ങൾ തേടിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) പ്രവാസി കേരളീയരുടെ കുടുംബത്തെ സംബന്ധിച്ച പൊതുവായ വിവരങ്ങൾ, വിദേശത്ത് ജോലി ചെയ്യുന്നവരെ സംബന്ധിച്ച വിവരങ്ങൾ, വിദേശത്ത് നിന്ന് മടങ്ങിവന്നവരെ സംബന്ധിച്ച വിവരങ്ങൾ, വിദേശത്ത് വച്ച് മരിച്ചവരെ സംബന്ധിച്ച വിവരങ്ങൾ എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) റാൻഡം സാമ്പിളിംഗ് രീതിയനുസരിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വീടുകളിലാണ് പ്രസ്തുത സർവ്വേ നടത്തിയത് എന്നതിനാൽ വിദേശമലയാളി സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തിയില്ല.

മെഡിക്കൽ കോളേജ് ആശുപത്രികളിലെ കാഷ്വാലിറ്റികളുടെ പ്രവർത്തനം

9 (*309)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. എ.കെ. മണി :

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ കാഷ്വാലിറ്റികളിൽ ഇപ്പോൾ ഡ്യൂട്ടിക്ക് നിയമിക്കുന്നത് ഏത് കാറ്റഗറിയിൽപ്പെട്ട ഡോക്ടർമാരെയാണ്;

(ബി) കാഷ്വാലിറ്റികളിൽ സീനിയർ ഡോക്ടർമാർ ഡ്യൂട്ടിക്ക് ഇല്ലാത്തതുകൊണ്ട് രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് കാഷ്വാലിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസറുടെ റാങ്കിലുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(ഡി) കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികൾക്ക് മരുന്നുപരിശോധനയും സൗജന്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ലക്ചറർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ കാറ്റഗറികളിൽപ്പെട്ട ഡോക്ടർമാരെയാണ് മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റികളിൽ ഇപ്പോൾ ഡ്യൂട്ടിക്ക് നിയമിക്കുന്നത്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാഷ്വാലിറ്റികളിൽ സീനിയർ ഡോക്ടർമാരുടെ സേവനം അത്യാവശ്യ സന്ദർഭങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

(സി) അസിസ്റ്റന്റ് പ്രൊഫസർമാരെയും കാഷ്വാലിറ്റി ഡ്യൂട്ടിക്ക് നിയോഗിക്കുന്നുണ്ട്.

(ഡി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികൾക്ക് പരിശോധനയും അവശ്യംവേണ്ട മരുന്നുകളും സൗജന്യമായി ലഭ്യമാണ്.

ക്ഷയരോഗം നിയന്ത്രിക്കാൻ നടപടി

10 (*310)പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷയരോഗം നിയന്ത്രിക്കാൻ സംസ്ഥാനത്ത് എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ക്ഷയരോഗം ബാധിച്ച് എത്രപേരുണ്ടെന്നും അവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ക്ഷയരോഗ നിയന്ത്രണ പരിപാടികൾക്ക് കേന്ദ്രത്തിൽനിന്ന് എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി 1962 മുതൽ നടപ്പാക്കിവരുന്നു. ഇതിൻമേലുള്ള പോരായ്മകൾ പരിഹരിച്ച് 1998 ഒക്ടോബർ മാസം മുതൽ പരിഷ്ക്കരിച്ച ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (റിവൈസ്ഡ് നാഷണൽ ടി.ബി.കൺട്രോൾ പ്രോഗ്രാം) കേരളത്തിലെ ഏഴുജില്ലകളിൽ നടപ്പാക്കിവരുന്നു. പുതിയ പരിപാടിയനുസരിച്ച് രോഗി മരുന്നു കഴിക്കുന്നത് പ്രവർത്തകന്റെ (ഡി.ഒ.റ്റി. പ്രൊവൈഡർ) നിരീക്ഷണത്തിൻ കീഴിലാണ്. ചികിത്സാ കാലാവധി 6 മാസമായി ചുരുക്കിയിട്ടുണ്ട് (ഷോർട്ട് കോഴ്സ്) ഡി.ഒ.ടി.എസ്. (Directly Obsorved Treatment Short Course) എന്നറിയപ്പെടുന്നു. രോഗിയുടെ വീടിനടുത്ത് ഡി.ഒ.ടി. പ്രൊവൈഡർ ആയി ഒരാളെ നിയോഗിക്കുന്നു. ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ വച്ച് രോഗനിർണ്ണയം നടത്തുന്നു. 6 മാസത്തെ ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് ഡി.ഒ.ടി പ്രൊവൈഡർ വശം ആദ്യം സൂക്ഷിച്ചുവയ്ക്കുന്നു. മരുന്നിന്റെ ലഭ്യത ഉറപ്പാക്കാനാണിത്.

(ബി) 50,000-ത്തിലധികം ക്ഷയരോഗം ബാധിച്ചവരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവർക്ക് രോഗനിർണ്ണയവും ചികിത്സയും സൗജന്യമായി

LIBRARY ARCHIVES Kerala Legislative Assembly